# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1738** 01-11-2019-ൽ മറുപടി നൽകേണ്ടത്

**കേരള ശാസ്ത്രസാങ്കേതിക മ്യൂസിയം**

ചോദ്യം — ഉത്തരം

ശ്രീ.മോൻസ് ജോസഫ് : **ഡോ. കെ .ടി. ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരള ശാസ്ത്രസാങ്കേതിക മ്യൂസിയത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാർ ഉത്തരവ് (സാധാ) നം. 1698/81/ഉ.വി.വ തീയതി 19.08.1981 ലെ മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷൻ & റൂൾസ് ആക്റ്റ് റഗുലേഷൻസ് പ്രകാരം കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം താഴെ പറയുന്ന പ്രവർത്തനങ്ങൾ ചെയ്തുവരുന്നു.<br>1. പൊതുജനങ്ങളിലേക്ക് ശാസ്ത്രാവബോധം വളർത്തുന്നതിനുള്ള ഉത്തമ മാർഗ്ഗമായി പ്രവർത്തിക്കുന്നു<br>2 ശാസ്ത്ര സാങ്കേതികമായ വളർച്ച കാലാകാലങ്ങളിൽ പൊതുജനങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നു<br>3 കേരളത്തിന്റെ പ്രകൃതിയും അതിന്റെ ഗുണങ്ങളും അതുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ പുരോഗതിക്ക് വേണ്ടി ഗവേഷണം നടത്തുന്നു<br>4 ശാസ്ത്രവുമായി ബന്ധപ്പെട്ട പുതിയ കാര്യങ്ങൾ നിർമ്മിക്കാനുള്ള കഴിവ് വർദ്ധിപ്പിക്കാൻ യുവജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കികൊടുക്കുന്നു<br>5 ശാസ്ത്രവുമായി ബന്ധപ്പെട്ട് വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കുന്ന ശാസ്ത്ര |

| | | | |
|---|---|---|---|
| | | | പ്രദർശനങ്ങളും ശാസ്ത്ര സിനിമാ പ്രദർശനങ്ങളും പ്രത്യേക പരിശീലന പരിപാടികളും ഗ്രാമപ്രദേശങ്ങളിൽ ലഭ്യമാക്കുന്നു<br>6 കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ശാസ്ത്ര കേന്ദ്രങ്ങൾ സ്ഥാപിച്ച് മ്യൂസിയത്തിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുക.<br>7 Lecture, Seminar, ശാസ്ത്രമേളകൾ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും സംഘടിപ്പിക്കുകയും അർഹതപ്പെട്ട വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്കോളർഷിപ്പ്/പ്രൈസ് നൽകുകയും ചെയ്യുന്നു.<br>8 ശാസ്ത്ര സാങ്കേതിക ചരിത്രത്തെക്കുറിച്ച് ഗവേഷണം നടത്തുന്നു.<br>9 താല്ക്കാലിക ശാസ്ത്ര പ്രദർശനങ്ങൾ മ്യൂസിയത്തിലും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലും സംഘടിപ്പിക്കുന്നു.<br>10 ശാസ്ത്ര വിവരണ ക്ലാസ്സുകൾ സ്കൂളുകളിൽ സംഘടിപ്പിക്കുന്നതിന് താല്ക്കാലികതലത്തിൽ ശാസ്ത്ര ഉപകരണങ്ങൾ നൽകി സംഘടിപ്പിക്കുന്നു.<br>11 മ്യൂസിയത്തിലെ സന്ദർശകർക്ക് അസ്ട്രോണമിയിലും ബഹിരാകാശ ശാസ്ത്രത്തെക്കുറിച്ചും ദൃശ്യപഠന ത്തിനു വേണ്ടി മ്യൂസിയത്തിൽ ഒരു പ്ലാനറ്റേറിയവും വാനനിരീക്ഷണകേന്ദ്രവും പ്രർത്തിപ്പിക്കുന്നുണ്ട്.<br>12 ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ പരിസരം ശാസ്ത്ര പൂന്തോട്ടവും, ശാസ്ത്ര വിനോദകേന്ദ്രവുമായി പ്രവർത്തിപ്പിക്കുന്നു.<br>13 ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിനെ ഒരു മ്യൂസിയോളജി ഗവേഷണ കേന്ദ്രമായും അത് മുഖാന്തിരം University Degree/diploma award ചെയ്യാനുള്ള പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | നടത്തുകയും ചെയ്യുന്നുണ്ട്.<br>14 ശാസ്ത്രവുമായി ബന്ധപ്പെട്ടതും താല്പര്യമുളളതുമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മറ്റ് ഇതര സ്ഥാപനങ്ങൾക്കും സയൻസ് സെന്ററുകളും സാങ്കേതികമ്യൂസിയവും വിനോദക്ലബ്ബുകളും തുടങ്ങാനുളള സാങ്കേതിക നിർദ്ദേശങ്ങൾ നൽകുകയും ആയത് നടപ്പിലാക്കി കൊടുക്കുകയും ചെയ്തുവരുന്നു.<br>15 മറ്റ് ശാസ്ത്രസാങ്കേതിക മ്യൂസിയങ്ങളോടും ഗവേഷണകേന്ദ്രങ്ങളോടും വ്യാവസായിക സ്ഥാപനങ്ങളോടും വിദ്യാഭ്യാസസ്ഥാപനങ്ങളോടും ചേർന്ന് ഇരുവർക്കും ഗുണം ലഭ്യമാകുന്ന രീതിയിൽ പ്രവർത്തിച്ചുവരുന്നു.<br>16 ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് വാർത്താ വിവരണങ്ങൾ, ഗൈഡുകൾ, വാർഷിക പ്രസിദ്ധീകരണങ്ങൾ, ബ്രോഷറുകൾ എന്നിവ പ്രസിദ്ധീകരിച്ചുവരുന്നു. |
| ബി) | പ്രസ്തുത സ്ഥാപനത്തിന്റെ കെടുകാര്യസ്ഥതയുടെയും സർക്കാർ ഗ്രാന്റ് ദുരുപയോഗത്തിന്റെയും പരാതിയെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; | (ബി) & (സി) | അന്വേഷണം നടന്നുവരുന്നു. |
| (സി) | കെട്ടിടനിർമ്മാണത്തിനും അടിസ്ഥാനസൗകര്യവികസനത്തിനും വിദേശനിർമ്മിത ഉപകരണങ്ങൾ വാങ്ങുന്നതിനും സർക്കാർ ഗ്രാന്റ് ദുരുപയോഗം ചെയ്യുന്നുണ്ടോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**